സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തുവാൻ നടപടി

171 [1110] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച സബ് രജിസ്ട്രാർ ആഫീസുകളുടെ എണ്ണം ജില്ലതിരിച്ചു വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച സബ് രജിസ്ട്രാർ ആഫീസുകളുടെ സർട്ടിഫിക്കറ്റുകളും മറ്റും അപേക്ഷിച്ച അന്നേ ദിവസംതന്നെ വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് എല്ലാ സബ് രജിസ്ട്രാർ ആഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യക്തമാക്കാം:

തിരുവനന്തപുരം	..	11
കൊല്ലം	..	7
പത്തനംതിട്ട	..	7
ആലപ്പുഴ	..	8
കോട്ടയം	..	22
ഇടുക്കി	..	3
എറണാകുളം	..	15
തൃശ്ശൂർ	..	11
പാലക്കാട്	..	6
മലപ്പുറം	..	8
കോഴിക്കോട്	..	6
വയനാട്	..	2
കണ്ണൂർ	..	5
കാസർഗോഡ്	..	5
ആകെ		114

(ബി) ചില സാങ്കേതിക കാരണങ്ങളാൽ അപേക്ഷിച്ച അന്നേ ദിവസംതന്നെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാൻ കഴിയുകയില്ല. എന്നാൽ അപേക്ഷിച്ചതിന്റെ തൊട്ടടുത്ത ദിവസം സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്ത് എല്ലാ സബ് രജിസ്ട്രാർ ആഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly